## ഏഴാം സമ്മേളനം

നക്ഷത്ര ചിഹ്നമിടാത്ത ചോദ്യം നം. 647 06.02.2013 ലെ മറുപടിയ്ക്ക്

## സംസ്ഥാന ലോട്ടറികളുടെ വിറ്റുവരവ്

**ചോദ്യം**

ശ്രീ. ബന്നി ബെഹനാൻ
ശ്രീ. കെ. അച്ചുതൻ
ശ്രീ. ആർ. സെൽവരാജ്
ശ്രീ. എം.എ. വാഹിദ്

**ഉത്തരം**

ശ്രീ. കെ.എം. മാണി
(ധനകാര്യവും നിയമവും ഭവനനിർമ്മാണവും വകുപ്പുമന്ത്രി)

| | | |
|---|---|---|
| (എ) | നടപ്പുസാമ്പത്തിക വർഷം സംസ്ഥാന ലോട്ടറികളുടെ വിറ്റുവരവ് എത്ര കോടി ആകുമെന്ന് പ്രതീക്ഷിക്കുന്നത് വിശദമാക്കുമോ ; | നടപ്പുസാമ്പത്തിക വർഷം ഏകദേശം 2700 കോടിയിലധികം വരുമാനമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു.1860 കോടി രൂപയാണ് ലക്ഷ്യമിട്ടിരുന്നത് . 31.01.13 വരെ 2250 കോടി രൂപ വിറ്റുവരവായി ലഭിച്ചിട്ടുണ്ട്. |
| (ബി) | ഇപ്രകാരമുള്ള ലാഭം എത്രയാണെന്ന് കണക്കാക്കിയിട്ടുണ്ടോ; വിശദമാക്കുമോ; | ലാഭം സാമ്പത്തിക വർഷം അവസാനിച്ച ശേഷമേ കണക്കാക്കാറുള്ളൂ. ഇപ്പോഴത്തെ സ്ഥിതിയനുസരിച്ച് 650 കോടിയിലധികം ലാഭമുണ്ടാകുമെന്ന് പ്രതീക്ഷിക്കുന്നു. |
| (സി) | അന്യസംസ്ഥാന ലോട്ടറികൾ നിർത്തലാക്കിയതും വ്യാജ ലോട്ടറികൾക്കെതിരായ നടപടികളും വരുമാനം വർദ്ധിപ്പിക്കാൻ എത്രമാത്രം സഹായിച്ചിട്ടുണ്ട്; വിശദമാക്കുമോ? | 2005 ജനുവരി 13- ാം തീയതിയിലെ സർക്കാർ ഉത്തരവ് ജി.ഒ (പി) 4/2005/റ്റി.ഡി (എസ്.ആർ.ഒ നമ്പർ 34/2005) പ്രകാരം കേരളത്തെ ഓൺ ലൈൻ /ഇന്റർനെറ്റ് ലോട്ടറി വിമുക്ത മേഖലയാക്കി പ്രഖ്യാപിച്ചിട്ടുണ്ട്. 1998 ലെ ലോട്ടറി (റെഗുലേഷൻ) ആക്റ്റ് സെക്ഷൻ 4 പലവിധത്തിൽ ലംഘിച്ചുകൊണ്ട് പ്രലോഭനാത്മകമായ വിപണനതന്ത്രങ്ങൾ അവലംബിച്ചുകൊണ്ട് ഗണ്യമായ രീതിയിൽ സാമ്പത്തിക ചൂഷണം നടത്തി വന്നിരുന്ന ലോട്ടറികളുടെ നിരോധനം , ലോട്ടറി നിയന്ത്രണ ചട്ടങ്ങൾക്കു വിധേയമായി സുതാര്യമായ രീതിയിൽ ജനക്ഷേമപ്രവർത്തനങ്ങളിൽ അധിഷ്ഠിതമായി പ്രവർത്തിച്ചു വരുന്ന കേരള സംസ്ഥാന ഭാഗ്യക്കുറിയുടെ വളർച്ചയെ വളരെയധികം സഹായിച്ചിട്ടുണ്ട്. സംസ്ഥാനതല, ജില്ലാതല മോണിറ്ററിംഗ് സെല്ലുകളുടെ പ്രവർത്തനം വ്യാജ ലോട്ടറികൾക്കെതിരെ ശക്തമായ നിയമ |

| | | |
|---|---|---|
| | | നടപടികൾ കൈക്കൊള്ളുന്നതിനും തുടർ നടപടികൾ ഉറപ്പ് വരുത്തുന്നതിനും സഹായിക്കുക വഴി കേരള ഭാഗ്യക്കുറിയുടെ വരുമാന വളർച്ചയക്ക് ശക്തമായ പിന്തുണ നൽകിയിട്ടുണ്ട്. കഴിഞ്ഞ സാമ്പത്തി വർഷങ്ങളിൽ ഉണ്ടായിട്ടുള്ള വരുമാന വളർച്ച ഇക്കാര്യത്തിന് തെളിവാണ്. |

സെക്ഷൻ ഓഫീസർ